പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 230     4.2.2013 ൽ മറുപടിക്ക്

## സംസ്ഥാന പോലീസിനെ ശുദ്ധീകരിക്കുന്നതിന് നടപടികൾ

| ചോദ്യം<br>ശ്രീ.കെ. ദാസൻ | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) സംസ്ഥാന പോലീസിനെ ശുദ്ധീകരിക്കുന്നതിന് നടപ്പാക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ;<br><br>ബി) ശുദ്ധീകരണ നടപടികളുടെ ഭാഗമായി ആഭ്യന്തരമന്ത്രി തന്നെ പറഞ്ഞിട്ടുള്ള പോലീസിലെ ക്രിമിനൽ സ്വഭാവമുള്ളതും ക്രിമിനൽ കേസിൽ പ്രതിയായിട്ടുള്ളതുമായ പോലീസുകാരുടെ കാര്യത്തിൽ, എന്ത് നടപടികളാണ് സ്വീകരിക്കുക; വിശദമാക്കുമോ; | (എ)യും, (ബി)യും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനയിലെ ക്രിമിനൽവൽക്കരണം അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പോലീസ് മേധാവി പോലീസ് വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥന്മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസുദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ള കേസുകളുടെ എഫ്. ഐ.ആറിന്റെ പകർപ്പ് പോലീസ് ആസ്ഥാനത്തേയ്ക്ക് അയച്ചുതരുവാനും ആയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തി എ.ഐ.ജി ഒരു രജിസ്റ്റർ ഉണ്ടാക്കി ആയത് സമയാസമയങ്ങളിൽ പുതുക്കി സൂക്ഷിക്കുവാനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന എഫ്.ഐ.ആറുകൾ എ.ഡി.ജി.പി (ഇന്റലിജൻസ്) യുടെ അന്വേഷണത്തിനും, വിശദമായ പഠനത്തിനുമായി അയച്ചുകൊടുക്കുവാനും അന്വേഷണ/പഠന റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവിയ്ക്ക് ലഭ്യമാക്കുവാനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെയും കേസുകളുടെയും വിശദാംശങ്ങൾ അടങ്ങുന്ന ഒരു ലിസ്റ്റ് എല്ലാ വർഷവും ജൂലൈ ഒന്നിനും ജനുവരി ഒന്നിനും തയ്യാറാക്കുന്നതിനും പ്രസ്തുത ലിസ്റ്റ് പരിശോധിച്ച് പുരോഗതി വിലയിരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി എ.ഡി.ജി.പി (ഇന്റലിജൻസ്), എ.ഡി.ജി.പി (ക്രൈംസ്), സോണൽ എ.ഡി.ജി.പി. മാർ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ ലിസ്റ്റ് എല്ലാ വർഷവും ഫെബ്രുവരി, ആഗസ്റ്റ്, മാസങ്ങളിൽ പ്രസ്തുത കമ്മിറ്റി പരിശോധിച്ച് എടുത്തിട്ടുള്ള നടപടികളുടെ പര്യാപ്തത പരിശോധിച്ച് ഗുരുതരമായ കുറ്റം |

| | |
|---|---|
| | ചെയ്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള അച്ചടക്ക നടപടികൾ കൈക്കൊള്ളുന്നതിനും പോലീസ് സേനയിൽ നിന്നും നീക്കം ചെയ്യുന്നതിനുമായി സംസ്ഥാന പോലീസ് മേധാവിയോട് ശുപാർശ ചെയ്ത് നിർദ്ദേശം സമർപ്പിക്കാവുന്നതാണ്. ഇപ്രകാരം 16.01.2013 ൽ നടന്ന പോലീസ് ഉന്നതതല സമിതിയുടെ യോഗത്തിൽ ഗുരുതരമായ സ്വഭാവദൂഷ്യത്തിന് അടിമപ്പെട്ട 23 പോലീസുദ്യോഗസ്ഥർക്കെതിരെ 2011 ലെ കെ.പി. ആക്റ്റ് 86-ാം വകുപ്പു പ്രകാരം നടപടികൾക്ക് ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ 24 പോലീസുദ്യോഗസ്ഥരെ ലഹരി വിമുക്ത കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്. |
| സി) നടപ്പാക്കാനുദ്ദേശിക്കുന്ന ശുദ്ധീകരണ നടപടികളുടെ ഭാഗമായി പോലീസ് സ്റ്റേഷനുകളിൽ നടമാടുന്ന ലോക്കപ്പിലെ മൂന്നാംമുറ പ്രയോഗവും കസ്റ്റഡിയിലുള്ള പ്രതികളെ, വിസർജ്യം തീറ്റിക്കുന്ന സംഭവങ്ങളും ലോക്കപ്പിലെ മരണവും സദാചാര പോലീസുകളുടെ അഴിഞ്ഞാട്ടവും പൂർണ്ണമായി ഇല്ലാതാക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ; | സി) പോലീസ് സ്റ്റേഷനുകളിൽ മൂന്നാം മുറ, വിസർജ്യം തീറ്റിക്കൽ തുടങ്ങിയ സംഭവങ്ങളൊന്നും നടത്തുന്നില്ല. സദാചാര പോലീസ് അതിക്രമങ്ങൾ കാട്ടിയാൽ നിലവിലെ നിയമമനുസരിച്ച് കർശന നടപടികളാണ് പോലീസ് വകുപ്പ് സ്വീകരിച്ചു വരുന്നത്. ഇതിനായി നിർദ്ദേശങ്ങൾ സംസ്ഥാന പോലീസ് മേധാവി ഇതിനകം പുറപ്പെടുവിച്ചിട്ടുമുണ്ട്. |
| ഡി) ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ സാക്ഷികളെ അന്വേഷണ ഉദ്യോഗസ്ഥരായ പോലീസും അഡീഷണൽ സ്പെഷ്യൽ പ്രോസിക്യൂട്ടറും സാക്ഷി പറയുന്നതിന് പ്രത്യേകം പരിശീലനം നൽകിയതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം നടപടികൾ ഇല്ലാതാക്കുന്ന പരിഷ്ക്കരണ നടപടി സ്വീകരിക്കുമോ? | ഡി) ഇല്ല. അന്വേഷണ ഉദ്യോഗസ്ഥരും, പബ്ളിക് പ്രോസിക്യൂട്ടറും സാക്ഷികളെ മൊഴി പറിപ്പിക്കാറില്ല. |

A.N.

**സെക്ഷൻ ഓഫീസർ**